7156
23/7/14

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ് - സാമൂഹ്യനീതി വകുപ്പ് ഡയറക്ടറേറ്റിൽ IT റൂമും ക്യൂബിക്കിളും സർക്കാർ ഉത്തരവിൽ നിന്നും വ്യത്യസ്തമായി പണി കഴിപ്പിച്ച നടപടിയ്ക്ക് സാധൂകരണം നൽകി ഉത്തരവാകുന്നു.

===

## സാമൂഹ്യനീതി (സി) വകുപ്പ്

സ.ഉ.(സാധാ) നം. 448/14/സാനീവ. തിരുവനന്തപുരം, തീയതി, 18.07.2014

===

പരാമർശം: 1. 11.05.2012 ലെ സ.ഉ.(സാധാ) 240/12/സാക്ഷേവ നമ്പർ ഉത്തരവ്.

2. സാമൂഹ്യനീതി വകുപ്പ ഡയറക്ടറുടെ 11.12.2012, 24.04.2013 തീയതികളിലെ IT/9644/12 നമ്പർ കത്ത്.

## ഉത്തരവ്

സാമൂഹ്യനീതി വകുപ്പിന് വികാസ് ഭവനിൽ പുതിയതായി അനുവദിച്ച് നൽകിയ ബ്ലോക്കിൽ IT റൂം പണിയുന്നതിനും ഓഫീസർമാർക്കും ജീവനക്കാർക്കും ക്യൂബിക്കിൾ പണിയുന്നതിനുമായി പരാമർശം ഒന്നിലെ ഉത്തരവ് പ്രകാരം 16,38,065/- രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. എന്നാൽ ആയതു പ്രകാരം സർക്കാർ അനുമതി നൽകിയ പ്രൊപ്പോസലിൽ നിന്നും മാറ്റം വരുത്തിയാണ് പ്രസ്തുത പ്രവർത്തി പൂർത്തിയാക്കിയതെന്നും കൂടുതൽ സ്ഥലസൗകര്യവും സ്വാതന്ത്ര്യവും സുരക്ഷിതത്വവുമുള്ള മുറി IT റൂമിനു ലഭിക്കുമെന്നതിനാലും അടിയന്തിരമായി IT സെൽ അനുവദിക്കേണ്ടി വന്ന സാഹചര്യത്തിലുമാണ് സർക്കാർ നൽകിയ അനുമതിയിൽ നിന്നും വ്യത്യസ്തമായി പണി നടത്തേണ്ടി വന്നതെന്നും ഇതിന് സാധൂകരണം നൽകണമെന്നും ടി പ്രവർത്തിക്ക് ചെലവായ 16,15,703/- രൂപക്ക് പുതുക്കിയ ഭരണാനുമതി നൽകണമെന്നും പരാമർശം രണ്ടു പ്രകാരം സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സർക്കാർ ഉത്തരവ് പ്രകാരം അംഗീകാരം നൽകിയ പ്രൊപ്പോസലിന് വ്യത്യസ്തമായി പണി നടത്തിയത് ചട്ടപ്രകാരമല്ല. എന്നിരുന്നാലും സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ സമർപ്പിച്ച വിശദീകരണം പരിഗണിച്ച്, 16,15,703/- രൂപ (പതിനാറ് ലക്ഷത്തി പതിനയ്യായിരത്തി എഴുന്നൂറ്റി മൂന്ന് രൂപ മാത്രം)ചെലവഴിച്ച്, IT റൂമും ക്യൂബിക്കിളും സർക്കാർ ഉത്തരവിൽ നിന്നും വ്യതിചലിച്ച് പണികഴിപ്പിച്ചതിന് സാധൂകരണം നൽകിയും ടി തുക നടപ്പ സാമ്പത്തിക വർഷത്തെ 2235-02-001-96(പി) ശീർഷകത്തിൽ നിന്നും വഹിക്കുന്നതിന് അനുമതി നൽകിയും ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
**എൻ.ബി. കോമളവല്ലി അമ്മ**
അഡീഷണൽ സെക്രട്ടറി

സാമൂഹ്യനീതി ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ( ആഡിറ്റ്) കേരള , തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ( എ & ഇ) കേരള , തിരുവനന്തപുരം
ധനകാര്യ വകുപ്പ്.( 36892/ww 3/14/ധന. നമ്പർ ഫയൽ പ്രകാരം)
ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്.(9270/A2/14/പ്ലാനിംഗ് നമ്പർ ഫയൽ പ്രകാരം)
വെബ് ആന്റ് ന്യൂ മീഡിയ വിഭാഗം, (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി)
കരുതൽ ശേഖരം /ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ